**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1490** **14-03-2022 - ൽ മറുപടിയ്ക്ക്**

**പൊതുസ്ഥലമാറ്റവും റീ അലോട്ട്മെന്റും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിൽ പ്രൊമോഷൻ വഴി മറ്റ് ജില്ലകളിലേക്ക് നിയമിക്കപ്പെട്ട വില്ലേജ് ഓഫീസർമാരുടെ റീ-അലോട്ട്മെന്റ് നടത്തുന്നതിന് എന്തെങ്കിലും നിയമതടസ്സം നിലവിലുണ്ടോ; കെ.എ.ടി. യിലെ 1258/2021-ാം നമ്പർ കേസിലെ ഇടക്കാല ഉത്തരവിൽ സ്ഥലംമാറ്റം, റീ അലോട്ട്മെന്റ് എന്നിവയ്ക്ക് സ്റ്റേ ബാധകമല്ലാത്ത സ്ഥിതിക്ക് ആയത് കഴിഞ്ഞ ഒരു വർഷത്തിലധികമായി തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒ.എ.(ഇ.കെ.എം) 1258/2021 നമ്പർ കേസിലെ 05/08/2021 തീയതിയിലെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവ് നിലനിൽക്കുമ്പോൾ ഭരണസൗകര്യാർത്ഥമുള്ള സ്ഥലംമാറ്റം നടത്തുവാൻ കഴിയില്ലെന്ന നിയമോപദേശം ലഭ്യമായിട്ടുണ്ട്. |
| (ബി) | പൊതുസ്ഥലം മാറ്റം സംബന്ധിച്ച 25.07.2017-ലെ സ.ഉ. (പി) 3-2017 നമ്പർ ഉത്തരവിലെ ഖണ്ഡിക 10 (VIII) പാലിക്കാതെയാണ് 17.08.2021, 08.10.2021, 13.01.2022 എന്നീ തീയതികളിലെ എൽ.ആർ.ഇ7/1218/2021 നമ്പർ കത്ത് പ്രകാരം വി.ഒ. സ്ഥാനക്കയറ്റവും നിയമനവും നടത്തിയിട്ടുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പ്രതിരോധ പ്രവർത്തനങ്ങൾക്കും വിദ്യാഭ്യാസ ആവശ്യങ്ങൾക്കുള്ള വിവിധതരം സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിനും കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട ജോലികൾ നിർവഹിക്കുന്നതിനും വില്ലേജ് ഓഫീസറുടെ സേവനം അത്യന്താപേക്ഷിതമായതിനാലും , പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിലും, 17/08/2021ന് 74 വില്ലേജ് ഓഫീസർ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ചിരുന്നു. തുടർന്ന് 30/09/2021 തീയതിയിലെ സി3/187/2020-റവ നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഭരണപരമായ സൗകര്യം പരിഗണിച്ചും പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ടും ജീവനക്കാരുടെ പരാതികളും പരിഹരിക്കുന്നതിനുമായി ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അന്തിമ ഉത്തരവിന് വിധേയമായിരിക്കുമെന്ന വ്യവസ്ഥയോടുകൂടി സ്ഥലംമാറ്റം നടത്താതെ നിലവിലുള്ള ഒഴിവുകളിലേക്ക് പ്രമോഷനുകൾ നൽകിയിട്ടുണ്ട്. |
| (സി) | മുൻഗണന വിഭാഗങ്ങൾക്ക് മേൽ ഉത്തരവ് | (സി) | ജി.ഒ.(പി)3/2017/ഉ.ഭ.പ.വ ഉത്തരവ് പ്രകാരം |

| | | | |
|---|---|---|---|
| | പ്രകാരമുള്ള റീ അലോട്ടുമെന്റ് കഴിഞ്ഞ ഒന്നരവർഷമായി നൽകിയിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ഇത്തരം ജീവനക്കാർക്ക് റീ അലോട്ട്മെന്റ് എന്നാണ് നൽകാൻ കഴിയുന്നത് എന്ന് വിശദമാക്കുമോ; | | പൊതുസ്ഥലംമാറ്റം നടത്തുമ്പോൾ അതത് കാറ്റഗറികളിലെ സ്ഥലംമാറ്റത്തിന്റെ 20% ൽ അധികരിക്കാൻ പാടില്ല എന്ന വ്യവസ്ഥയിലാണ് പ്രത്യേക മുൻഗണനാ വിഭാഗങ്ങളെ തീരുമാനിച്ചിട്ടുള്ളത്. റവന്യൂ വകുപ്പിൽ പൊതുസ്ഥലംമാറ്റം നടപ്പിലാക്കുന്നതിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഇടക്കാല സ്റ്റേ ഉത്തരവ് നിലനിൽക്കുന്ന സാഹചര്യത്തിൽ മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന ജീവനക്കാർക്ക് സ്ഥലംമാറ്റം നൽകുവാൻ സാധിച്ചിട്ടില്ല. |
| (ഡി) | എല്ലാ തസ്തികകളിലെയും പൊതുസ്ഥലമാറ്റവും റീ അലോട്ട്മെന്റും തടഞ്ഞുവെച്ചിട്ടുള്ള സാഹചര്യത്തിലും മുൻഗണനയോ പ്രത്യേക പരിഗണനയോ ബാധകമല്ലാത്ത ഏതാനും പേർക്ക് 05.02.2022-ലെ എൽ.ആർ./471/2021/ എൽ.ആർ.(ഇ2) പ്രകാരം ജില്ലാന്തര സ്ഥലംമാറ്റം നൽകിയിട്ടുണ്ടോ; എങ്കിൽ ഇവയിൽ അന്വേഷണം നടത്തി പ്രസ്തുത സ്ഥലം മാറ്റം റദ്ദ് ചെയ്യാൻ നടപടി സ്വീകരിക്കുമോ; അറിയിക്കുമോ; | (ഡി) | വിരമിക്കുന്നതിന് ഒരു വർഷത്തിൽ താഴെ സേവന കാലാവധി എന്ന പരിഗണനയിലാണ് ജില്ലാന്തര സ്ഥലംമാറ്റം നൽകിയിട്ടുള്ളത്. ഇതിൽ അന്വേഷണം നടത്തി സ്ഥലംമാറ്റം റദ്ദ് ചെയ്യേണ്ട സാഹചര്യം നിലവിലില്ല. |
| (ഇ) | ജീവനക്കാർക്ക് മൂന്ന് വർഷത്തിലധികമായി മറ്റ് ജില്ലകളിൽ നിന്നും മാതൃ ജില്ലകളിലേക്ക് റീ അലോട്ട്മെന്റ് ലഭിക്കാത്തതായ പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; റീ അലോട്ട്മെന്റ് നടപടികൾ ഈ സാമ്പത്തിക വർഷത്തിൽ പുനരാരംഭിക്കാൻ കഴിയുമോ; | (ഇ) | സർക്കാർ പരിശോധിച്ചു വരുന്നു. |
| (എഫ്) | 26.08.2020-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച കരട് ലിസ്റ്റ് പ്രകാരം പൊതുസ്ഥലം മാറ്റം നടത്തുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ? | (എഫ്) | സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ